CHRISTHUJYOTHI

Catechetical Centre
BISHOP'S HOUSE, KARIMPAN
Manipara P.O., Idukki - 685 602

മതാദ്ധ്യാപകരുടെ പ്രാർത്ഥനാദിനവും സ്റ്റഡിഫോറവും

1 ലക്ഷ്യം : മതാദ്ധ്യാപകരുടെ ആത്മീയവും ബൗദ്ധികവും, അദ്ധ്യാപനപരവുമായ വളർച്ച

2 സ്റ്റഡി ഫോറത്തിന്റെ സവിശേഷതകൾ :

: എല്ലാ മതാദ്ധ്യാപകരും പങ്കുചേരുന്ന കൂട്ടായ്മ രൂപപ്പെടുന്നു.

: നേതൃത്വ സവിശേഷതകൾ വർദ്ധിക്കുന്നു.

: ചിന്താശക്തി വികസിക്കുന്നു

: ആശയപ്രകാശന ശക്തി വർദ്ധിക്കുന്നു.

: ബൈബിളിലും ക്രിസ്തീയതത്വങ്ങളിലും അവഗാഹം വർദ്ധിക്കുന്നു.

: വായനാശീലവും ജീവിതനവീകരണവും സാധിക്കുന്നു

: ക്രൈസ്തവ കാഴ്ചപ്പാടും വീക്ഷണവും പരസ്പരസഹകരണത്തോടെ സാധ്യമാകുന്നു.

3 സ്റ്റഡി ഫോറത്തിന്റെ ഘടനയും രീതിയും

മാസത്തിലൊരിക്കൽ (3-ാം ഞായർ) 45 മിനിറ്റ് സമയം, അർദ്ധവൃത്താകൃതിയിൽ ഇരിക്കാം.

1 ഒരുക്കം

ഓരോ മാസത്തേയ്ക്കുമുള്ള പഠനവിഷയം മുൻകൂട്ടി ഓരോ മതാധ്യാപകർക്കും നല്കുക. ഓരോരുത്തർക്കും കിട്ടിയ വിഷയം ബൈബിളിന്റേയും വത്തിക്കാൻ ഡിക്രിയുടെയും, സഭാപഠനങ്ങളുടെയും മറ്റ് ഉറവിടങ്ങളുടെയും വെളിച്ചത്തിൽ പഠിക്കുക. മുൻകൂട്ടി നിശ്ചയിച്ച വിഷയം എല്ലാവരും വായിച്ചൊരുങ്ങി വരുന്നത് അഭികാമ്യമാണ്.

2. പ്രാർത്ഥന : വിഷയത്തിനനുസരിച്ച് സ്വയംപ്രേരിത പ്രാർത്ഥനയോ ഗാനമോ ആകാം. (2 മിനിറ്റ്)

3 റിപ്പോർട്ട്

സെക്രട്ടറി കഴിഞ്ഞ പ്രവശ്യത്തെ സ്റ്റഡി ഫോറത്തിന്റെ റിപ്പോർട്ട് വായിക്കുന്നു. ഓരോരുത്തരും ചർച്ചകളുടെയും പഠനത്തിന്റെയും റിപ്പോർട്ട് എഴുതി സൂക്ഷിക്കുന്നത് നല്ലതാണ്. തുടർന്ന് പ്രഥമാദ്ധ്യാപകൻ ആ ദിവസത്തെ ക്ലാസ് നയിക്കാനുള്ള അധ്യാപകനെ വിഷയം അവതരിപ്പിച്ചുകൊണ്ട് ക്ഷണിക്കുന്നു.(2 മിനിറ്റ്)

4 വിഷയാവതരണം

വിഷയാവതാരകൻ മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന വിഷയം അവതരിപ്പിക്കുന്നു. തയ്യാറാക്കിയ നോട്ടുകൾ ഉപയോഗിച്ചുകൊണ്ട് ക്ലാസ് എടുക്കുന്ന ശൈലിയിലാണ് വിഷയം അവതരിപ്പിക്കേണ്ടത്. (10 മിനിറ്റ്)

5 ചർച്ച

വിഷയാവതാരകൻ ചർച്ചചെയ്ത വിഷയങ്ങൾ ആഴത്തിൽ ഗ്രഹിക്കാൻ സഹായകരമായ ചോദ്യങ്ങളും ഉത്തരങ്ങളും സ്റ്റഡി ഫോറത്തിലുള്ള ആർക്കും ഉന്നയിക്കാം. മുൻകൂട്ടി എല്ലാവരും ഒരുങ്ങുന്നത് ചർച്ചയുടെ സജീവതയ്ക്ക് ആക്കം കൂട്ടും. അംഗങ്ങളുടെ ചിന്താശക്തി വികസിക്കേണ്ടതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമേ ആനിമേറ്റർ ഉത്തരം നൽകാവൂ. ചർച്ച വിഷയബന്ധിതമായും സമയബന്ധിതമായും പുരോഗമിക്കാൻ ആനിമേറ്റർ ശ്രദ്ധിക്കണം. (15 മിനിറ്റ്)

6 പ്രയോഗിക നിശ്ചയം

ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിശ്വാസപരിശീലനരംഗത്ത് മതാദ്ധ്യാപകർ എന്ന നിലയിൽ നമുക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് ഓരോരുത്തരും പറയുകയും കുറിച്ചുവയ്ക്കുകയും ചെയ്യുക(5 മിനിറ്റ്)

7 ഉപസംഹാരം

വിഷയാവതാരകൻ തന്റെ സമാപനപ്രസംഗത്തിൽ പ്രധാനാശയങ്ങളും പ്രായോഗികനിശ്ചയങ്ങളും ഒരിക്കൽ കൂടി എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. (5 മിനിറ്റ്)

8 നന്ദി

പ്രഥമാദ്ധ്യാപകൻ വിഷയാവതാരകനെയും പങ്കെടുത്തവരെയും അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് പ്രാർത്ഥനയിലേയ്ക്കു നയിക്കുന്നു. (1 മിനിറ്റ്)

9 സമാപനപ്രാർത്ഥന

വിഷയബന്ധിയായ സ്വയം പ്രേരിത പ്രാർത്ഥനയോ കാറോസൂസ പ്രർത്ഥനയോ ഗാനമോ ആലപിക്കാം (5മിനിറ്റ്)

സ്റ്റഡിഫോറത്തിൽ ശ്രദ്ധിക്കേണ്ടവ

1. സ്റ്റഡി ഫോറത്തിൽ കൃത്രിമത്വം കടന്നു കൂടരുത്

2 സ്വാഭാവികതയും ആത്മാർത്ഥതയും പുലർത്തണം.

3. അന്വേഷണചിന്തയും സ്വതന്ത്രചിന്തയും വളർത്തി ചിന്താ ദാരിദ്ര്യമുണ്ടാകാതെ ശ്രദ്ധിക്കുക.

4. വിഷയബന്ധിയായ പുസ്തകങ്ങൾ വായിക്കാനും ചർച്ച ചെയ്ത് ലഭിക്കുന്ന അറിവുകളും അനുഭവങ്ങളും പങ്കു വയ്ക്കാനും തയ്യാറാകണം

സ്റ്റഡി ഫോറത്തിന്റെ പഠനവിഷയങ്ങൾ

ജൂൺ : വിശ്വാസവും ജീവിതവും

ചർച്ച : വിശ്വാസജീവിതത്തിന് അർത്ഥവും ദിശാബോധവും നൽകേണ്ട യാഥാർത്ഥ്യമാണ്. ജീവിതപ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ നമ്മെ പ്രാപ്തരാക്കുന്നതാണോ വിശ്വാസജീവിതം. ജീവിതവും വിശ്വാസവും പരസ്പരബന്ധമില്ലാതെ നിൽക്കുന്ന അവസ്ഥയാണോ ഇന്നുള്ളത് ചർച്ച ചെയ്യുക.

ജൂലൈ : എന്താണ് ക്രിസ്തീയ വിശ്വാസം

ചർച്ച: ക്രിസ്തീയ വിശ്വാസംകൊണ്ട് സാമാന്യമായി ഇന്ന് നിങ്ങൾ എന്താണ് മനസിലാക്കുന്നത്. ആദ്ധ്യാത്മികജീവിതംകൊണ്ട് മരണാനന്തര ജീവിതത്തെ മാത്രമാണോ ലക്ഷ്യം വയ്ക്കുന്നത്. ഈ ലോകയാഥാർത്ഥ്യങ്ങളും ആദ്ധ്യാത്മികജീവിതത്തിന്റെ പരിഗണനയ്ക്ക് വരേണ്ടതാണന്നുള്ള ചിന്തയുണ്ടോ?

ആഗസ്റ്റ് : ജീവന്റെ സംരക്ഷണം

ചർച്ച: ജീവന്റെ സംരക്ഷണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ പ്രദേശത്ത് ഏതെല്ലാം തലങ്ങളിൽ ദൃശ്യമാണ്. ഈ രംഗത്ത് ക്രിയാത്മകമായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയും.

സെപ്റ്റംബർ : ജീവന്റെ മഹത്വം

ചർച്ച: വർദ്ധിച്ചുവരുന്ന ഗർഭഛിദ്രം, വൃദ്ധരോടും രോഗികളോടും സ്ത്രീകളോടും കുഞ്ഞുങ്ങളോടുമുള്ള അവഗണന തുടങ്ങിയ കാര്യങ്ങളിൽ സഭക്ക് എന്തു ചെയ്യാൻ കഴിയും.

ഒക്ടോബർ : ജീവന്റെ പരിപോഷണം

ചർച്ച: ജീവൻ അലംഘനീയമായ മൂല്യമാണെന്ന് ക്രൈസ്തവമനസാക്ഷിയേയും സാമൂഹിക മനസാക്ഷിയേയും പഠിപ്പിക്കാൻ സഭക്ക് എങ്ങനെ കഴിയും.

നവംബർ : ജീവിതപ്രതിസന്ധിയും വിശ്വാസജീവിതവും

ചർച്ച: സാമ്പത്തിക പ്രതിസന്ധി, മാനസിക സംഘർഷം, ഏകാന്തത മുതലായ സാഹചര്യങ്ങളെ നേരിടുന്നവർക്ക് ഏത് തരം സേവനമാണ് സഭയ്ക്ക് ചെയ്യാൻ കഴിയുക.

ഡിസംബർ : സഭയും സാമൂഹ്യ നീതിയും

ചർച്ച: നീതിയിൽ അധിഷ്ഠിതമായ സാമൂഹ്യ ബന്ധങ്ങൾ യാഥാർത്ഥ്യമാക്കിതീർക്കാൻ ക്രിസ്തീയ വിശ്വാസം നമ്മോട് ആവശ്യപ്പെടുന്നുണ്ട്. ചൂഷിതരോടും അവഗണിക്കപ്പെട്ടവരോടുമുള്ള നമ്മുടെ പക്ഷം ചേരൽ എങ്ങനെ?

ജനുവരി : സൃഷ്ടപ്രപഞ്ചത്തോടുള്ള ക്രൈസ്തവസമീപനം

ചർച്ച: പ്രകൃതിയോടും മറ്റ് ജീവജാലങ്ങളോടുമുള്ള നമ്മുടെ സമീപനത്തിൽ, വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നമ്മൾ വരുത്തേണ്ട മാറ്റങ്ങൾ ഏവ?

ഫെബ്രുവരി : പ്രാർത്ഥനാജീവിതം ജീവന്റെ പൂർണ്ണതക്ക്

ചർച്ച: നമ്മുടെ ആരാധന ക്രമത്തിലും വ്യക്തിപരമായ ആദ്ധ്യാത്മികതയിലും ജീവന്റെ സുവിശേഷം ഉന്നയിക്കുന്ന ആവശ്യങ്ങൾ പ്രതിഫലിപ്പിക്കാറുണ്ടോ. ജീവനോടു ചെയ്യുന്ന അക്രമങ്ങൾ ദൈവത്തോടു ചെയ്യുന്ന തെറ്റുകളായി നമ്മൾ കാണാറുണ്ടോ. നമ്മുടെ ഇടയിലെ മരിയ ഭക്തിയും, നവീകരണപ്രസ്ഥാനങ്ങളും, ജീവന്റെ സംരക്ഷണത്തിനും അതിന്റെ സമ്പൂർണ്ണതയ്ക്കുമുള്ള മാർഗ്ഗങ്ങളായി മാറ്റാൻ കഴിയുമോ.

മാർച്ച് : ജനസംഖ്യാ നിയന്ത്രണത്തോടും കുടുംബഭദ്രതയോടുമുള്ള ക്രൈസ്തവ സമീപനം

ചർച്ച: ക്രൈസ്തവരുടെ ഇടയിൽ ജനന നിരക്ക് കുറവാണ് ഇതിന്റെ സാമൂഹ്യാഘാതങ്ങളെക്കുറിച്ച് നിങ്ങൾ എന്തു ചിന്തിക്കുന്നു.

N B: തൃതീയ സീറോ മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ അസംബ്ലിയുടെ **വിശ്വാസം ജീവന്റെ സംരക്ഷണത്തിനും സമ്പൂർണ്ണതയ്ക്കും** എന്ന വിഷയത്തെ ആധാരമാക്കിയാണ് സ്റ്റഡിഫോറത്തിനും അദ്ധ്യാപക ക്വിസിനും വിഷയങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. സൺഡേ സ്കൂളിനോടനുബന്ധിച്ച് ഉണ്ടായിരിക്കേണ്ട റഫറൻസ് ബുക്ക്സ് ഇക്കാര്യത്തിനായി വിനിയോഗിക്കേണ്ടതാണ്. (വിശ്വാസപരിശീലന നിബന്ധനകൾ പേജ് 15 കാണുക)